LIBRARY ARCHIVES Kerala Legislative Assembly

എലത്തൂർ അഗ്രോ സർവ്വീസ് സെന്റർ

183 (1553) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ആഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ;

(ബി) അഗ്രോ സർവ്വീസ് സെന്റർ മുഖാന്തിരം എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് കർഷകർക്ക് ലഭിക്കുക എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിച്ചിട്ടില്ല.

(ബി)

1. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നു.

2. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ ഉത്പാദനോപാധികൾ ഈ കേന്ദ്രത്തിൽനിന്നും ലഭ്യമാക്കുന്നു.

3. മണ്ണ് പരിശോധന, രോഗകീടങ്ങളുടെ സാന്നിദ്ധ്യം എന്നിവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ഫാം ക്ലിനിക്ക് വഴി നിർദ്ദേശിക്കുന്നു.

4. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക വിവരങ്ങളും ലഭ്യമാക്കുന്നു.

5. കർഷകർക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

6. യന്ത്രവത്കരണം പ്രോത്സാഹിപ്പിക്കുന്നതിന് യന്ത്രോപകരണങ്ങളും തൊഴിലാളികളെയും ലഭ്യമാക്കുന്നു.